കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website : www.ksad.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(BP)281/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി : 11.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം :- വാഴക്കുളം ബ്ലോക്ക്പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം(BP)281/2019 തീയതി :11.03.2019

## എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 14.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ ജി., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.02.2019 മുതൽ 21.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും | ശ്രീ ഹരീഷ് ബാബു.എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈബി ഇ ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീ സന്തോഷ് കുമാർ എം., ഓഡിറ്റർ (ഹ.ഗ്രേ) |

.

## (ബി) നിർവ്വഹണാധികാരികൾ

| സ്ഥാനം/ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സി.കെ.മുംതാസ് | 01.04.2017 മുതൽ 31.03.2018 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.എ.റിച്ച്മോൻ | 01.04.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.പി.യു.ശിവപ്രസാദ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.സജിനി ആർ നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. പാർവ്വതി കൃഷ്ണപ്രസാദ് | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.വിജി രാജ്. എം. ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി വെങ്ങോല) | ഡോ. ധന്യ | 01.04.2017 മുതൽ 07.08.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി വെങ്ങോല) | ഡോ.ടോം തോമസ് മാത്യൂ | 08.08.2017 മുതൽ 23.08.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി വെങ്ങോല) | ഡോ. അനിത ഷേണായി | 24.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി മലയിടംതുരുത്ത്) | ഡോ.സി. അനില കുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.കെ.എം.സൂസൻ | 01.04.2017 മുതൽ 31.05.2017 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.ശ്രീനി വർഗീസ് | 01.06.2017 മുതൽ 30.06.2017 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.വനജ. പി. വി | 01.07.2017 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന | ശ്രീ.സുധീഷ് കെ. എസ് | 01.04.2017 മുതൽ |

| | | |
|---|---|---|
| ഓഫീസർ | | 02.11.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.ഉഷാദേവി.കെ.ആർ | 03.11.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-12 |
| ഭാഗം 2 | | |
| 13 | കെട്ടിടവാടക ഈടാക്കിയിട്ടില്ല | 2-1 |
| ഭാഗം 3 | | |
| 14 | ശ്മശാന നവീകരണം പദ്ധതി-അപാകതകൾ | 3-2 |

| | | |
|---|---|---|
| 15 | വിദ്യാർത്ഥികൾക്കുള്ള ധനസഹായം-ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല | 3-3 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 |
| 17 | ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ബി ഡി ഒ യുടെ യാത്രാബത്ത ചെലവഴിച്ചു | 3-5 |
| 18 | ഡീസൽ ജനറേറ്ററിന്റെ ലോഗ് ബുക്ക് സൂക്ഷിയ്ക്കുന്നില്ല | 3-6 |
| 19 | വാഹന റിപ്പയർ-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല | 3-7 |
| ഭാഗം 4 | | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 23 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 27 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 29 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 31 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | അനുബന്ധം 2 |
| 32 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 3 |

| | | |
|---|---|---|
| 33 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |
| 34 | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 5 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 03/03/2017 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. നാമമാത്രമായ തനതു വരുമാനവും കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന നിശ്ചിത ഗ്രാന്റുകളും മാത്രമാണ് വരവുള്ളതെന്നിരിക്കെ യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്ത രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ബജറ്റ് യാഥാർത്ഥ്യത്തിന് നിരക്കുന്ന രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 13.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 05.10.2018-06.10.2018 | KSA-EKM(B.P)2052/18,11.10.18 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18677284.00 |
| വരവ് | 61709155.00 |
| ആകെ | 80386439.00 |
| ചെലവ് | 71431004.00 |
| നീക്കിയിരിപ്പ് | 8955435.00 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | - | 39741302 | 39741302 | 34449928 | | 5291374 |
| വികസനഫണ്ട് -എസ്.സി.പി. | - | 16306019 | 16306019 | 12538925 | | 3767094 |
| വികസനഫണ്ട് -ടി.എസ്.പി. | - | 549000 | 549000 | 549000 | | 0 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | - | 5223710 | 5223710 | 4739229 | | 484481 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1330093 | 3289253 | 4619346 | 2780301 | 1839045 | |
| തനത് ഫണ്ട് | 272266 | 231875 | 504141 | 411560 | 92581 | |
| ഐ എ വൈ ലോൺ | 25600 | | | | 25600 | |
| ഐ എ വൈ | 12565307 | 4096733 | 16662040 | 13097864 | 3564176 | |
| ഹോംസ്റ്റെഡ് (എസ് ബി ഐ) | 98685 | 3676 | 102361 | 0 | 102361 | |
| ഐ എ വൈ അഡ്മിനിസ്ട്രേഷൻ | 27748 | 0 | 27748 | 15478 | 12270 | |
| സാക്ഷരത | 307084 | 11438 | 318522 | 0 | 318522 | |
| ടി എസ് സി | 423963 | 35460 | 459423 | 53094 | 406329 | |
| പി എം എ വൈ | 3603245 | 310551 | 3913796 | 1320000 | 2593796 | |

| | | | | | | |
|---|---|---|---|---|---|---|
| എം കെ എസ് പി | 0 | 36056 | 36056 | 36056 | 0 | |
| ജോയിന്റ് വെഞ്ച്വർ | 0 | 727000 | 727000 | 179000 | 548000 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 143 | 49612543 | 104 | 49817384 | 35 | 4 | 73 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2019 -ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഈ ദിവസം യാതൊരു തുകയും വരവായി വന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.06.2018മുതൽ 14.06.2018 വരെ | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2014മുതൽ 17.03.2014 വരെ | 2009-10മുതൽ 2012-13 വരെ | 16.05.2014 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഡേ ബുക്ക് എല്ലാദിവസവും പ്രിന്റെടുത്ത് ആധികാരികമാക്കി സൂക്ഷിയ്ക്കുന്നില്ല. പണം അടവിന്റേയും പണം പിൻവലിക്കുന്നതിന്റേയും കൃത്യത ഉറപ്പുവരുത്തുന്നതിനായി എല്ലാമാസവും റീകൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി ബാങ്ക് അക്കൗണ്ടുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ് എന്ന നിർദ്ദേശം പാലിക്കുന്നില്ല. കണ്ടിജന്റ് ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനായി കണ്ടിജന്റ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം രണ്ട് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | ഇനം | തിരിച്ചടച്ച തുക | ചലാൻ / രസീത് നമ്പർ/ തീയതി |
|---|---|---|---|
| 4 | വരവിനത്തിൽ കുറവായി അടച്ച തുക | 1180 | 32134646035/19.02.19 |
| 8 | മരാമത്ത്(സർവ്വീസ് ടാക്സ്) | 23364 | 6201819M/21.02.19 |
| | ആകെ | 24544 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടവാടക ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ ആകെ ലഭിക്കേണ്ട വാടക 14260/- രൂപയാണ്. എന്നാൽ, 2017-18 വാർഷിക ധനകാര്യ പത്രികയിലെ RP43 ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിൽ ഈടാക്കിയ തുക 13260/- രൂപയാണ്. ഈ തുക തന്നെയാണ് I1 ഷെഡ്യൂൾ പ്രകാരവും ഡിമാന്റ് ചെയ്തിരിക്കുന്നത്. ബാക്കി തുക 1000/-രൂപ ഡിമാന്റ് ചെയ്യുകയും 750/-രൂപ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. കുടിശികയായി ലഭിക്കുവാനുള്ള തുകയായി B15 ഷെഡ്യൂളിൽ 250/-ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശികയുള്ള വാടക ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ശ്മശാന നവീകരണം പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശ്മശാന നവീകരണം-ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നം | S0082/18 |
| അടങ്കൽ | 961380/- (വികസന ഫണ്ട് -ജനറൽ 179540/-,എസ് സി പി 781840/-) |
| ചെലവ് | 8,87,950/- |
| ബിൽ നമ്പർ/ തീയതി | 5/17-18 തീയതി 25.07.2017 തുക 781840/-<br>6/17-18 തീയതി 25.07.2017 തുക 106110/- |

ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ ശ്മശാന നവീകരണം-ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയിൽ കേട് വന്ന ഗ്യാസ് ചേംബർ മാറ്റി സ്ഥാപിച്ച് പഴയ ഉപയോഗയോഗ്യമായ ചിമ്മിനിയുമായി ബന്ധിപ്പിച്ച് പ്രവർത്തനയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2016-17 വർഷം 05.01.2017ൽ അംഗീകാരം കിട്ടിയ 115/2017 നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവർ ആയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണ

രീതി 'ടെൻഡർ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടെൻഡർ നടപടി കൂടാതെ തന്നെ സെന്റർ ഓഫ് സയൻസ് &ടെക്നോളജി ഫോർ റൂറൽ ഡെവലപ്മെന്റ് (കോസ്റ്റ് ഫോർഡ്),അയ്യന്തോൾ,തൃശ്ശൂർ എന്ന സ്ഥാപനത്തെയാണ് നിർവഹണം ഏൽപ്പിച്ചിട്ടുള്ളത്. സംസ്ഥാന കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 19.3.2013-ലെ 3.25 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 30.03.2013-ലെ സ.ഉ(എം.എസ്)നം.133/2013 /തസ്വഭവ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സ. ഉ(ആർ ടി)നം.1928/14 തസ്വഭവ തീയതി 23.07.2014 എന്നിവ പ്രകാരം COSTFORD എന്ന സ്ഥാപനത്തെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ താമസാവശ്യത്തിനുള്ള ചെലവ് കുറഞ്ഞ (Low Cost Technology)കെട്ടിട നിർമ്മാണത്തിനുള്ള അക്രഡിറ്റഡ് ഏജൻസി ആയാണ് അംഗീകരിച്ചിട്ടുള്ളത്. COSTFORD എന്ന സ്ഥാപനത്തിന് ശ്മശാന നവീകരണ നിർവഹണച്ചുമതല കൈമാറുന്നതിന് മുൻപ് ഏജൻസിക്ക് ക്ഷമതയുള്ള അക്രഡിറ്റേഷൻ ഉണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ അന്വേഷണമോ,പരിശോധനയോ നിർവഹണ ഉദ്യോഗസ്ഥനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ നടത്തിയിട്ടില്ല. അക്രഡിറ്റേഷൻ ഇല്ലാത്ത ഏജൻസിയെ നിർവഹണച്ചുമതല ഏൽപ്പിച്ചത് ക്രമ വിരുദ്ധമാണ്.
2) എസ് സി പി ഫണ്ട് ഉൾപ്പെടെയുള്ള തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള "feasibility certificate" ഫയലിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 16.02.2019ൽ നൽകിയ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ജി ഒ (പി) 395/2014 ഫിൻ തീയതി 17.09.2014 പ്രകാരമാണ് പ്രവൃത്തി COSTFORD നെ ഏൽപ്പിച്ചത് എന്നാണ് മറുപടി നൽകിയത്. എന്നാൽ ടി ഉത്തരവിൽ COSTFORD നെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടില്ല. പട്ടികജാതി വിഭാഗത്തിന് വേണ്ടി ഉപയോഗത്തിലിരുന്ന ശ്മശാനം എന്ന നിലയിലാണ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കാതിരുന്നതെന്നും ആയത് ലഭ്യമാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-2 വിദ്യാർത്ഥികൾക്കുള്ള ധനസഹായം-ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കേന്ദ്ര സംസ്ഥാനതല യോഗ്യത നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ധനസഹായം |
| പ്രോജക്ട് നം | SO18/18 |
| അടങ്കൽ | 10,00,000/- (എസ് സി പി ) |

| | |
|---|---|
| ചെലവ് | 10,00,000/-/- |
| ബിൽ നമ്പർ/ തീയതി | 1/17-18 തീയതി 01.01.2018 തുക 2,50,000/-<br>2/17-18 തീയതി 17.03.2018 തുക 6,80,000/-<br>3/17-18 തീയതി 23.03.2018 തുക 60,000/-<br>4/17-18 തീയതി 23.03.2018 തുക 10,000/- |

പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ കേന്ദ്ര സംസ്ഥാനതല യോഗ്യത നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഫഷണൽ കോഴ്സിന് പഠിക്കുന്ന 54 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്തീരാജ് നഗരപാലിക സ്ഥാപനങ്ങൾക്കുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ ഉ (എം എസ്) നമ്പർ 80/2017 തസ്വഭവ തീയതി 03.04.2017 ഖണ്ഡിക 11.8 പ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ സാധൂകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഗുണഭോക്താക്കളുടെ ലിസ്റ്റിന് സാധൂകരണം വാങ്ങിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ നൽകിയ 16.02.2019 ലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അതാത് പഞ്ചായത്തുകൾക്ക് ലിസ്റ്റ് നൽകി സാധൂകരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. സാധൂകരണം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 3-3 <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല</u>

2017-18 വർഷത്തിൽ ബ്ലോക്ക്പഞ്ചായത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ ഏജൻസി | പ്രവൃത്തി യുടെ പേര് / പ്രൊജക്ട് നം | ബിൽ നം./തീയതി | നൽകിയ തുക |
|---|---|---|---|---|---|
| 1. | സെക്രട്ടറി | ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ വിവിധ കുളങ്ങളുടെ നവീകരണം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 49/2018 | 75/17-18 24.02.2018 | 50,000/- |

| | | | | | |
|---|---|---|---|---|---|
| 2. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | വിവിധ പഞ്ചായത്തുകൾ | ക്ഷീര സംഘങ്ങൾ മുഖേന നൽകുന്ന പാലിന് സബ്സിഡി 120/18 | 1/2017-18 09.01.2018 | 1025350/- |
| | | | | 2/17-18 25.01.2018 | 271250/- |
| 3. | സെക്രട്ടറി | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | തെറ്റമോളം പാടത്തിക്കുളം കുടിവെള്ള പദ്ധതി- മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 161/2018 | 101/18 28.03.2018 | 5,20,000/- |
| 4. | സെക്രട്ടറി | എടത്തല ഗ്രാമപഞ്ചായത്ത് | എടത്തല ഗ്രാമപഞ്ചായത്തിലെ വിവിധ കുളങ്ങളുടെ നവീകരണം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 47/2018 | 76/2017-18 24.02.2018 | 5,00,000/- |
| 5. | സെക്രട്ടറി | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | എടനക്കാവ് ചിറ നവീകരണം- കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് 46/2018 | 33/17-18 08.01.2018 | 5,00,000/- |
| 6. | സെക്രട്ടറി | വാഴക്കുളം ഗ്രാമപഞ്ചായത്ത് | വാഴക്കുളം ഗ്രാമപഞ്ചായത്തിലെ വിവിധ കുളങ്ങളുടെ നവീകരണം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 48/2018 | 92/17-18 24.03.2018 | 5,00,000/- |
| 7. | സെക്രട്ടറി | പൊതുമരാമത്ത് വകുപ്പ് | വാഴക്കുളം ഗ്രാമപഞ്ചായത്തിലെ 56ാംനമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം- ബ്ലോക്ക് വിഹിതം നൽകൽ 40/18 | 64/17-18 20.02.2018 | 5,80,000/- |

| | | | | | |
|---|---|---|---|---|---|
| 8. | സെക്രട്ടറി | എൻ ആർ ഇ ജി എ, സംസ്ഥാന മിഷൻ | വെങ്ങോല ഗ്രാമപഞ്ചായത്തിലെ 26ാം നമ്പർ അങ്കണവാടിക്ക് കെട്ടിട നിർമ്മാണം 78/18 | 78/17-18 08.01.2018 | 3,22,014/- |
| 9. | സെക്രട്ടറി | കെ എസ് ഇ ബി | എടത്തിക്കാട് എസ് സി കോളനിറോഡ് വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ 162/18 | 102/18 28.03.2018 | 30,000/- |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ബി ഡി ഒ യുടെ യാത്രാബത്ത ചെലവഴിച്ചു

വൗച്ചർ നം 24/17-18 തീ 23-9-17 പ്രകാരം 5120/- രൂപയും(ചെക്ക് നം 8844277, തുക 45226/-) വൗച്ചർ നം 36/2017-18 തീ 18-11-17 പ്രകാരം 2410/- രൂപയും(ചെക്ക് നം 2196789 , തുക 46591/-) കൂടി ആകെ 7530/- രൂപ ബി ഡി ഒ യുടെ യാത്രാ ബത്ത ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിച്ചതായി കാണുന്നു. ഓഫീസ് ചെലവുകൾക്കായുള്ള വൌച്ചറിൽ ഉൾപ്പെടുത്തിയാണ് ഈ തുക ചെലവാക്കിയിരിക്കുന്നത്. കേരള സർക്കാർ ജീവനക്കാരുടെ യാത്രാബത്ത ചെലവുകൾ ഗവൺമെന്റ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനു പകരം ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിച്ചതിനുള്ള വിശദീകരണം നൽകേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇത്തരം യാത്രാബത്ത ചെലവുകൾ ഗവൺമെന്റ് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണ് മാറേണ്ടത് എന്നിരിക്കെ ഈ നടപടി യാത്രാബത്ത ചെലവുകളിൽ ഇരട്ടിപ്പ് സംഭവിക്കുന്നതിനുള്ള സാധ്യതയും ഉണ്ടാക്കുന്നു. പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് യാത്രാബത്ത ഇനത്തിൽ ചെലവാക്കിയ 7530/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-5 ഡീസൽ ജനറേറ്ററിന്റെ ലോഗ് ബുക്ക് സൂക്ഷിയ്ക്കുന്നില്ല

വിവിധ വൗച്ചറുകളിലായി 2017-18 വർഷം 22393/- രൂപ ഓഫീസിൽ പ്രവർത്തിപ്പിയ്ക്കുന്ന ഡീസൽ ജനറേറ്ററിൽ ഡീസൽ നിറച്ച വകയിൽ കടവിൽ പെട്രോളിയം ഏജൻസീസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഡീസൽ ജനറേറ്ററിന്റെ ലോഗ് ബുക്കോ ജനറേറ്റർ പ്രവർത്തിപ്പിച്ചതിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ലോഗ് ബുക്ക് സൂക്ഷിച്ചിരുന്നില്ല എന്നും 2019 ജനുവരി മുതൽ സൂക്ഷിച്ചുവരുന്നതുമായി അറിയിച്ചു. ഡീസൽ ജനറേറ്ററിന്റെ ലോഗ് ബുക്കോ ജനറേറ്റർ പ്രവർത്തിപ്പിച്ചതിന്റെ വിശദാംശങ്ങളോ ഇല്ലാതിരുന്നതിനാൽ തുക ചെലവക്കിയതിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ജനറേറ്റർ പ്രവർത്തിപ്പിച്ചതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് അതിന്റെ കൃത്യത ഉറപ്പാക്കിയതിനു ശേഷം മാത്രമേ ചെലവു തുക അനുവദിക്കാവൂ എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജനറേറ്റർ ലോഗ് ബുക്കിൽ ജനറേറ്റർ പ്രവർത്തിപ്പിച്ചതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും ചെലവു തുക ചെക്കായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-6 വാഹന റിപ്പയർ-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല

വൗച്ചർ നം 67/17-18 തീ 27.2.18 പ്രകാരം 65326/- രൂപ(ചെക്ക് നം 3690323) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹനത്തിന് റിപ്പയർ ഇനത്തിൽ ചെലവഴിച്ചതായി കാണുന്നു. എന്നാൽ വാഹനത്തിന് റിപ്പയർ നടത്തുന്നതിന് ആവശ്യമായ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. പോത്തൻ ഓട്ടോസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് ഇത്തരത്തിൽ റിപ്പയർ വേല ചെയ്തിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വാഹനം വഴിയിൽ ബ്രേക്ക്ഡൌൺ ആയതിനാൽ ക്വട്ടേഷൻ സ്വീകരിച്ച് റിപ്പയർ നടത്തുന്നതിനുള്ള സാഹചര്യമായിരുന്നില്ല എന്ന് അറിയിച്ചു. ജി ഒ (എം എസ്)170/2007 തീ.30.6.2007 പ്രകാരം പതിനായിരം രൂപയ്ക്ക് മേൽ ചെലവു വരുന്ന എല്ലാ സംഗതികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി/കൌൺസിലിന്റെ അംഗീകാരത്തിനുവിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. വാഹനം റിപ്പയർ ചെയ്യുന്നതിന് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 727000 | കൊയ്ത്ത്മെതിയന്ത്രം വാങ്ങൽ | 548000 | 179000 |

വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് 2889598/-രൂപയാണ് വരവ് വന്നിട്ടുള്ളത്. ബ്ലോക്ക്പഞ്ചായത്ത് പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ മുഴുവൻ വിവരങ്ങളും ചേർക്കുവാൻ കഴിഞ്ഞിട്ടില്ല. കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി ഡബ്ല്യു ഡി | വാഴക്കുളം ഗ്രാമപഞ്ചായത്തിലെ 56-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം-ബ്ലോക്ക് വിഹിതം നൽകൽ | 21701102/12.03.18 | 580000 | 580000 | 0 |
| കെ എസ് ഇ ബി | എടത്തിക്കാട് എസ് സി കോളനി റോഡ് വൈദ്യുത പോസ്റ്റുകൾ | 21701102/12.03.18 | 30000 | 30000 | 0 |

| | | | | | |
|---|---|---|---|---|---|
| | മാറ്റി സ്ഥാപിക്കൽ | | | | |
| കെ എസ് ഇ ബി | പുളിന്താനം എസ് സി കോളനി നവീകരണം | 21701102/12.03.18 | 550000 | 550000 | 0 |

പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | GO (M S) No. 193/2013/lsgd തീയതി. 24/5/2013 | 73,00,000 | 1360298 | 13,60,298 | 0 | 0 |

വായ്പ തിരിച്ചടച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 61709155 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 71431004 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 7530 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 7,530 | ശ്രീ. റിച്ച്മോൻ. കെ.എ, സെക്രട്ടറി |
| ആകെ | 7530 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റിച്ച്മോൻ. കെ.എ സെക്രട്ടറി | അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, | കളരിക്കൽ വീട് ടി.എം.സി.25/206 കാക്കനാട് |

| | | |
|---|---|---|
| | ഇടുക്കി | വെസ്റ്റ്.പി.ഒ- 682030 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96& 1996-97 | എൽഎഫ്ഇ(സി1)327/99, 01.09.1999 |
| 1997-98 | എൽഎഫ്ഇ(സി1)72/2000, 10.08.2000 |
| 1998-99 | എൽഎഫ്ഇ(സി1)697/01, 09.10.01 |
| 1999-2000 | എൽഎഫ്ഇ(സി1)1339/02, 05.05.2003 |
| 2000-01 | എൽഎഫ്ഇ(സി1)1082/04, 25.01.05 |
| 2001-02 | എൽഎഫ്ഇ(സി1)857/05, 27.01.06 |
| 2007-08 | എൽഎഫ്ഇ(സി1)288/10, 08.12.10 |
| 2008-09 | എൽഎഫ്ഇ(സി1)417/11, 07.02.12 |
| 2009-10 | എൽഎഫ്ഇ(സി1)418/11, 07.02.12 |
| 2010-11 | എൽഎഫ്ഇ(ബി.പി2)296/12, 01.08.12 |
| 2011-12 | എൽഎഫ്ഇ(ബി.പി2)299/13, 14.05.13 |
| 2012-13 | എൽഎഫ്ഇ(ബി.പി2)271/14, 28.03.14 |
| 2013-14& 2014-15 | കെ.എസ്.എ ഇകെഎം(ബി.പി3)562/16 04.04.16 |
| 2015-16 | കെ.എസ്.എ ഇകെഎം(ബി.പി)333/17 05.04.17 |
| 2016-17 | കെ.എസ്.എ ഇകെഎം(ബി.പി)2207/17 14.11.17 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഇ.കെ.എം(BP)281/2019 തീയതി :11.03.2019

.1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി

കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

## അനുബന്ധം - 2

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകളിൽ 3 മാസത്തിലധികം കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുക ബാലൻസ് ഷീറ്റിൽ ബ-9, ഷെഡ്യൂളിൽ 'Liability in respect of stale cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
2. ബി-4 ഷെഡ്യൂളിലെ എല്ലാ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് ബി-17 ഷെഡ്യൂളിൽ പ്രത്യേക അക്കൌണ്ടുകളായി സൂക്ഷിച്ചിട്ടില്ല. ഇവ തനത് ഫണ്ടിന്റെയോ മറ്റ് പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെയോ കൂടെ ഒരുമിച്ച് നിക്ഷേപിച്ചിരിക്കുന്നു.

ജോയിന്റ് ഡയറക്ടർ